# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 01 | 2016 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


---

**പമ്പാസ്നാനം തീർഥാടകർക്കുമാത്രം: ദേവസ്വംബോർഡ് പ്രസിഡന്റ്**

ശബരിമല: ശബരിമലയിൽ ദർശനത്തിനായി എത്തുന്ന അയ്യപ്പഭക്തൻമാർക്ക് ഒപ്പമെത്തുന്ന കുടുംബാങ്ങളായ യുവതികൾ പുണ്യനദിയായ പമ്പയിൽ ഇറങ്ങിക്കുളിക്കുന്നത് ഒഴിവാക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ. വ്രതശുദ്ധിയോടെ ശബരിമലയിലെത്തുന്ന അയ്യപ്പഭക്തമാൻമാരെ കൂടാതെ ഇവർക്കൊപ്പം എത്തുന്നവരും മറ്റുള്ളവരും പമ്പയിൽ ഇറങ്ങുന്നതായി വ്യാപകമായ പരാതി ഉയർന്നതിന്റെയും ഇക്കാര്യം വ്യക്തിപരമായി ശ്രദ്ധയിൽപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് ഈ നിർദേശമെന്നും അദ്ദേഹം പറഞ്ഞു. സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടെയുള്ള എല്ലാ ശബരിമല തീർത്ഥാടകരും 41 ദിവസത്തെ കഠിനവ്രതാനുഷ്ഠാനങ്ങളോടുകൂടി മാത്രമേ സന്നിധാനത്ത് പ്രവേശിക്കാവൂ എന്നാതാണ് ശാസ്ത്രവിധിയെന്നും അദ്ദേഹം പറഞ്ഞു. ശബരിമലയിൽ മണ്ഡലമകരവിളക്ക് ഉത്സവത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നാളെ രാവിലെ തിരുവനന്തപുരത്ത് നടക്കുന്ന ബോർഡ് യോഗത്തിൽ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

തിരുവിതാംകൂർ ദേവസ്വംബോർഡിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുമെന്നും ദീർഘകാലം മിൽമ ചെയർമാനായി കഴിവുതെളിയിച്ച അനുഭവസമ്പത്തുള്ള പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. സ്ഥലംമാറ്റം, നിയമനം, സാധനങ്ങൾ വാങ്ങൽ, മരാമത്ത് തുടങ്ങിയ കാര്യങ്ങൾ പ്രത്യേക കമ്മിറ്റികൾക്കുവിടുന്നതുൾപ്പെടെയുള്ള പരിഷ്കാരങ്ങൾ ആയിരിക്കും നടപ്പാക്കാൻ ശ്രമിക്കുകയെന്നും അദ്ദേഹം സൂചിപ്പിച്ചു.

അന്നദാനത്തിനുള്ള പാത്രങ്ങൾ നിലവിൽ ചൂടുവെള്ളംകൊണ്ട് കഴുകുന്നതിനുപുറമേ നീരാവി കൊണ്ട് അണുവിമുക്തമാക്കുന്നതുൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ

ഒരുക്കുമെന്നും അദ്ദേഹം പറഞ്ഞു. പരിമിതമായ സൗകര്യങ്ങളുണ്ടായിരുന്ന അന്നദാന മണ്ഡപം ഇപ്പോൾ 2000 പേർക്ക് ഒരുമിച്ച് ഇരുന്ന കഴിക്കാവുന്നതരത്തിൽ വികസിപ്പിച്ചു. മുൻപ് കേവലം പത്തിരുന്നൂറ് പാത്രങ്ങളും നാലഞ്ച് ബഞ്ചുമായി പരിമിതമായ സൗകര്യത്തിൽ ആയിരുന്ന അന്നദാനമണ്ഡപം മെച്ചപ്പെട്ട ആധുനിക സൗകര്യങ്ങളുള്ളതും വൃത്തിയും വെടിപ്പുമുള്ളതുമാക്കി മാറ്റാനും കഴിഞ്ഞതായും അദ്ദേഹം പഞ്ഞു.

സ്ത്രീപ്രവേശനവും ശബരിമലയുടെ വികസനപ്രവർത്തനങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ആചാരാനുഷ്ഠാനങ്ങൾ പാലിച്ചുമാത്രമേ തീരുമാനമെടുക്കാനാവൂ എന്നും അദ്ദേഹം പറഞ്ഞു.

സന്നിധാനത്ത് പ്രവർത്തിക്കുന്ന ഇൻഫർമേഷൻ പബ്ലിക് റിലേഷൻസിന്റെ മീഡിയ സെന്ററിന്റെ പ്രവർത്തനം മികച്ച രീതിയിലാണെന്നും അദ്ദേഹം പറഞ്ഞു. ട്വിറ്റർ, ഫേസ്ബുക്ക്, വാട്സ്ആപ്പ്, മൊബൈൽ ആപ്പ് തുടങ്ങിയ നവമാധ്യമങ്ങളിലൂടെ ഭക്തർക്ക് അപ്പപ്പോൾ വിവരങ്ങൾ വാർത്തകളായും ചിത്രങ്ങളായും നൽകാൻ മികച്ച പ്രവർത്തനമാണ് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് നിർവഹിക്കുന്നതെന്നും തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ് അഭിപ്രായപ്പെട്ടു.

## അവാച്യമായ ആനന്ദാനുഭൂതിയുടെ സന്നിധാനം:

## കന്നഡ സിനിമാതാരം ശിവരാമൻ

ശബരിമല: കഴിഞ്ഞ നാൽപത്തഞ്ച് വർഷമായി മുടങ്ങാതെ ശബരിമല തീർത്ഥാടനം നടത്തുന്ന ഭക്തനാണ് കന്നഡ സിനിമാ നടനായ ശിവരാമൻ. ശബരിമല അദ്ദേഹത്തിന്റെ ജീവിതത്തിന്റെതന്നെ ഭാഗമാണ്. ഓരോ മണ്ഡലകാലത്തും കഠിനമായ വ്രതാനുഷ്ഠാനങ്ങളോടെ അദ്ദേഹം ഉൾപ്പെടുന്ന ആയിരത്തോളം സംഘം മുടങ്ങാതെ ശബരിമലയിൽ എത്തുന്നു. സന്നിധാനത്തു പ്രവർത്തിക്കുന്ന മീഡിയാ സെന്ററിലെത്തിയ അദ്ദേഹം ശബരിമലയെക്കുറിച്ച് വിശദമായി മനസ്സുതുറന്നു. അദ്ദേഹത്തിന്റെ വാക്കുകളിലൂടെ 'എല്ലാവരും പറയുന്നത് എല്ലാ ദൈവങ്ങളും ഒന്നാണ് എന്നാണ്. അത് ശരിക്കും സംഭവിക്കുന്നത് ശബരിമലയിൽ മാത്രമാണ്. എന്റെ ഗുരുസ്വാമി എംഎൻ നമ്പ്യാരാണ് ശരിക്കും ശബരിമലയിലേക്കുള്ള എന്റെ വഴികാട്ടി. കഠിനമായ വ്രതത്തിലൂന്നിയാണ് അദ്ദേഹം ഞങ്ങളെ ശബരിമലയിലേക്ക് നയിച്ചിരുന്നത്. ഈ വ്രതകാലം ഞങ്ങളെ ആത്മീയമായും ശാരീരികമായും ശുദ്ധീകരിക്കുന്നു. അടുത്ത ഒരു വർഷത്തേക്കുള്ള ഊർജ്ജം ഈ കാലയളവിൽ ഞങ്ങളിൽ നിറയുന്നു. എംഎൻ നമ്പ്യാർ 60 വർഷത്തോളം കാലം ഇവിടെ ദർശനം നടത്തി. ഓരോ ദർശനകാലത്തും അദ്ദേഹം ഞങ്ങൾക്ക് പ്രചോദനമായി. ഇന്നദ്ദേഹം ഞങ്ങളുടെ ഹൃദയത്തിൽ ജീവിക്കുന്നു. സിനിമയിൽ അദ്ദേഹം ഒരു വില്ലനായിരുന്നു. എന്നാൽ ജീവിതത്തിൽ അദ്ദേഹം ഒരു ഹീറോ ആയിരുന്നു. യാതൊരു ദൂഷ്യവശങ്ങളുമില്ലാത്ത ഒരു പരമ സാത്വികൻ.

ഞാൻ ആദ്യം വരുമ്പോൾ ശബരിമലയിൽ തീർത്ഥാടകർ കുറവായിരുന്നു. അന്ന് 18 പടികളും കല്ലു പാകി നിർമിച്ചവയായിരുന്നു. ആദ്യപ്രാവശ്യം വന്നപ്പോൾ തേങ്ങ എറിഞ്ഞുടച്ചത് ആദ്യത്തെ കല്ലിലാണ്. രണ്ടാമത്തെ വർഷം രണ്ടാമത്തെ കല്ലിൽ. അങ്ങനെ പതിനെട്ടാമത്തെ പടിവരെ നാളീകേരം എറിഞ്ഞുടച്ചു.

എംഎൻ നമ്പ്യാരുടെ മകൻ മോഹൻ നമ്പ്യാരും ശിവരാമനോടൊപ്പമുണ്ടായിരുന്നു. അച്ഛൻ തന്റെ മുന്നിൽ ഉണർത്തിവിട്ട ശബരിമല ഭക്തിയെക്കുറിച്ച് മോഹൻ നമ്പ്യാരും വാചാലനായി. സന്തോഷത്തോടെ മലയിറങ്ങുകയാണ് സംഘം. അയ്യനെ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട്.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 01 | 2016 |
| --- | --- |




## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


---

### ശാസ്ത്രവും ഉപനിഷത് വചനങ്ങളും ഒന്നാകുന്ന ഇടമാണ് ശബരിമല

ശബരിമല: ശാസ്ത്രനിഗമനങ്ങളും ഉപനിഷത് ദർശനങ്ങളും ഒന്നാണെന്ന് തീർത്തും ബോധ്യപ്പെട്ട ആരാധനാലയമാണ് ശബരിമലയെന്ന് പ്രശസ്ത കവിയും ഗാന രചയിതാവുമായ ശ്രീകുമാരൻതമ്പി അഭിപ്രായപ്പെട്ടു. സനാതനധർമ്മത്തിന്റെ അടിസ്ഥാനശില കാരുണ്യമാണ്. ഈ ശ്രുതി രഹസ്യം ഓരോ ഭക്തനും മനസ്സിലാക്കിക്കൊടുക്കുകയാണ് ഓരോ ദർശനാവസരവും. ഇവിടെ ഭക്തനും ഈശ്വരനും ഒന്നായി മാറുന്നു.

നീണ്ടവർഷക്കാലം ശബരിമല റിപ്പോർട്ടർമാരായി പ്രവർത്തിച്ചവർക്ക് ദുബായ് അയ്യപ്പ സേവാ സമിതി ഏർപ്പെടുത്തിയ പുരസ്കാരദാന ചടങ്ങിലാണ് ശ്രീകുമാരൻതമ്പി ശബരിമലയുടെ പ്രത്യേകതകൾ എടുത്തു പറഞ്ഞത്. പി.ടി മോഹനൻ പിള്ള (ഇന്ത്യൻ എക്സ്പ്രസ്), രാജപ്പൻ (മനോരമ), ബിനോയ് (ഏഷ്യാനെറ്റ്), പങ്കജാക്ഷൻ (അമൃത ടിവി) എന്നിവർക്ക് ഉപഹാരങ്ങൾ നൽകി.


